(സി) ആന്റ് (ഡി) ഓരോ വർഷവും വൈദ്യുതി ബോർഡ് തീരുമാനിക്കുന്ന ടാർജറ്റ് അനുസരിച്ചുള്ള വൈദ്യുതി കണക്ഷനുകൾ സമയ ബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 30-9-1999 വരെ രജിസ്റ്റർ ചെയ്ത നോർമൽ വെതർ പ്രൂഫ് കണക്ഷനുകളും, 31-12-96 വരെ രജിസ്റ്റർ ചെയ്ത നോർമൽ ഒ.എച്ച് (ഓവർ ഹെഡ്) കണക്ഷനുകളും നല്കി വരുന്നു. മറ്റു കാറ്റഗറിയിലുള്ള സർവ്വീസ് കണക്ഷനുകൾ മുൻഗണനാ ക്രമത്തിലും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും നല്കി വരുന്നു.

വൈദ്യുതി വില്പനയിനത്തിൽ കുടിശ്ശികയായി ബോർഡിന് ലഭിക്കേണ്ട തുക

93 (258) ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വില്പനയിനത്തിൽ കുടിശ്ശികയായി ബോർഡിന് ലഭിക്കേണ്ട തുക എത്ര ;

(ബി) ഇതിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ കുടിശ്ശിക എത്ര ;

(സി) സ്വകാര്യ മേഖലയിലെ കുടിശ്ശിക എത്ര ;

(ഡി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ?

ഉത്തരം

(എ) 30-11-1999 വരെ എച്ച്.ടി/ഇ.എച്ച്.ടി വിഭാഗത്തിൽ കുടിശ്ശികയായി 214,71,24,316 രൂപ കിട്ടാനുണ്ട്. എൽ.ടി. വിഭാഗത്തിലെ കുടിശ്ശിക 74,24,54,443 രൂപയാണ്.

(ബി) 71,37,12,737 രൂപ

(സി) 217,20,39,501 രൂപ

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃതം വൈദ്യുതി ബന്ധം വിഛേദിക്കാൻ നോട്ടീസ് നൽകുക, ഉപഭോക്താക്കളുടെ അപേക്ഷ പ്രകാരം കുടിശ്ശിക തവണകളായി അടയ്ക്കാനുള്ള അനുവാദം നൽകുക തുടങ്ങിയ വ്യവസ്ഥാപിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൻ.സി.ഡി.സി. സംസ്ഥാനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക

94 (259) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) എൻ.സി.ഡി.സി സംസ്ഥാനത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള തുക പോലും സംസ്ഥാനത്തിന് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല എന്ന എൻ.സി.ഡി.സി.മാനേജിംഗ് ഡയറക്ടറുടെ തിരുവനന്തപുരത്ത് നടത്തിയ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആ കുറവ് നികത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) മറ്റു സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നതിൽ കൂടുതൽ തുക എൻ.സി.ഡി.സി യിൽ നിന്ന് വാങ്ങുമ്പോൾ കേരളത്തിൽ പ്രസ്തുത തുക കുറയുന്നതിന്റെ കാരണങ്ങൾ കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കുവാനും എന്തെങ്കിലും സംവിധാനം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കുവാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എൻ.സി.ഡി.സി നീക്കി വച്ചിട്ടുള്ള തുകയേക്കാൾ കൂടുതൽ സംസ്ഥാനത്തിന് ലഭ്യമാക്കാൻ കഴിയുന്നുണ്ട്. 1998-99 ൽ സംസ്ഥാനത്തിന് 33.52 കോടി രൂപയാണ് എൻ.സി.ഡി.സി നീക്കി വച്ചിരുന്നത്. എന്നാൽ 47.26 കോടി രൂപ ആ വർഷം ലഭ്യമാക്കാൻ കഴിഞ്ഞു. ഇതിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് നൽകാൻ എൻ.സിഡി.സി 15.77 കോടി രൂപയാണ് വച്ചിരുന്നത്. എന്നാൽ 29.47 കോടി രൂപ ഈയിനത്തിൽ ലഭ്യമായി. എൻ.സി.ഡി.സി.യിൽ നിന്ന് ഏറ്റവും കൂടുതൽ ധനസഹായം ലഭ്യമാക്കിയ സംസ്ഥാനങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞു. ഈ വർഷം സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായമായി 25.72 കോടി രൂപയാണ് എൻ.സി.ഡിസി. വക കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഏകദേശം 40.00 കോടി രൂപയെങ്കിലും ഈയിനത്തിൽ ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എൻ.സി.ഡി.സി. നീക്കിവയ്ക്കുന്നതിനേക്കാൾ കൂടുതൽ തുക വാങ്ങുന്നതിന് സംസ്ഥാനത്തിന് കഴിയുന്നുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എൻ.സി.ഡി.സി.യുടെ ആഭിമുഖ്യത്തിലും സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലും അവലോകന യോഗങ്ങൾ നടത്തി സ്ഥിതിഗതികൾ വിലയിരുത്താറുണ്ട്.

സിനിമാ തിയേറ്ററുകളിലെ വൈദ്യുതി ഉപയോഗം

95 (260) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിലെ ഏതൊക്കെ തിയേറ്ററുകളിൽ വൈദ്യുതി ബോർഡ് വൈദ്യുതി നൽകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly